# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6585

08.11.2016 ൽ - മറുപടിക്ക്

## ദേശീയ ഭക്ഷ്യഭദ്രതാ നിയമം-മുൻഗണനാ പട്ടികയിലെ അപാകതകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എ.പി. അനിൽ കുമാർ<br>,, അൻവർ സാദത്ത്<br>,, ഐ.സി.ബാലകൃഷ്ണൻ | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയ റേഷൻ മുൻഗണനാ കരട് പട്ടികയിൽ കടന്നുകൂടിയ അപാകതകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ; | (എ) & (ബി) | കരട് മുൻഗണനാ പട്ടികയിൽ പരാതിയോ ആക്ഷേപമോ ഉണ്ടെങ്കിൽ വെരിഫിക്കേഷൻ കമ്മിറ്റി മുമ്പാകെ പരാതി നൽകാവുന്നതാണ്. ജില്ലാ കളക്ടർ അദ്ധ്യക്ഷനായ അപ്പീൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനം, വില്ലേജ് ഓഫീസ്, താലൂക്ക് സപ്ലൈ ഓഫീസ് എന്നിവിടങ്ങളിൽ പരാതി സമർപ്പിക്കുന്നതിന് സൗകര്യം ഒരുക്കിയിട്ടുണ്ട്. |
| (ബി) | ഇതുസംബന്ധിച്ചുള്ള പരാതികൾ സ്വീകരിക്കാനും പരിഹാരം കാണാനും ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിവരിക്കുമോ; | | |
| (സി) | ഏകദേശം എത്ര പരാതികൾ പരിശോധിച്ചിട്ടുണ്ട്; അവയിൽ എത്ര എണ്ണം പരിഹരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (സി) | 23158 പരാതികൾ പരിശോധിച്ചിട്ടുണ്ട്. 17214 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്. |
| (ഡി) | മുൻഗണനാ പട്ടികയിലെ അപാകതകൾ മൂലം പട്ടികയിൽ നിന്നും പുറത്തായ റേഷൻ കാർഡുടമകൾക്ക് ആശ്വാസം നൽകാൻ എന്തെല്ലാം നടപടി കൈക്കൊണ്ടിട്ടുണ്ട്; വിവരിക്കുമോ? | (ഡി) | അർഹരായവരെ മുഴുവൻ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

*സെക്ഷൻ ഓഫീസർ*